ഉത്തരം

(എ) തൊടുപുഴ താലൂക്കിൽ പ്രവർത്തിക്കുന്ന മലങ്കര എസ്റ്റേറ്റിൽ 286 സ്ഥിരം തൊഴിലാളികളും കാളിയാർ എസ്റ്റേറ്റിൽ 338 സ്ഥിരം തൊഴിലാളികളുമാണുള്ളത്.

(ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.†

(സി) പ്രസ്തുത തോട്ടങ്ങളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് പ്രത്യേകമായി പരാതി ഉണ്ടാകുന്ന പക്ഷം അനുരഞ്ജന ഉദ്യോഗസ്ഥൻമാർ നടപടി സ്വീകരിക്കുന്നതാണ്.

തോട്ടം വ്യവസായത്തിലെ കുറഞ്ഞ കൂലിയും പൂട്ടിയിടാത്ത തേയില തോട്ടങ്ങളും

77 [ശ്രീ] ശ്രീ. എം. മുരളി:

" എം. എ. ചന്ദ്രശേഖരൻ:

" ഡൊമിനിക് പ്രസന്റേഷൻ:

" എ. സുജനപാൽ:

പ്രൊഫ. എം. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം വ്യവസായത്തിൽ ചുരുങ്ങിയ കൂലി ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ മേഖലയിലും എത്രയാണ്;

(സി) ഇപ്പോൾ പൂട്ടിയിടാത്ത എത്ര തേയില തോട്ടങ്ങളുണ്ട്;

(ഡി) ഇവ ഏതെല്ലാമാണെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ;

(ഇ) ഈ തോട്ടങ്ങളിൽ തൊഴിലാളികൾക്ക് നിയമപ്രകാരം ലഭിക്കേണ്ട കൂലിയും മറ്റാനുകൂല്യങ്ങളും നൽകുന്നുണ്ടോ;

(എഫ്) ഇക്കാര്യത്തിൽ തോട്ടം മാനേജ്മെന്റും തൊഴിലാളികളും തമ്മിൽ എന്തെങ്കിലും കരാറുണ്ടാക്കിയിട്ടുണ്ടോ;

(ജി) എങ്കിൽ വിശദാംശം നൽകുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 23-10-1996-ലെ ജി.ഒ. (ആർ‌റ്റി.) 2799/96/തൊഴിൽ നമ്പരിലുള്ള വിജ്ഞാപനപ്രകാരമാണ് വിവിധ തോട്ടം മേഖലയിലെ മിനിമം വേതനം വിജ്ഞാപനം ചെയ്തിട്ടുള്ളത്. (അനുബന്ധം)†.

(സി) ഇപ്പോൾ സംസ്ഥാനത്ത് 686 തേയിലത്തോട്ടങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചതിനുശേഷം സ്റ്റേറ്റുമെന്റ് തയ്യാറാക്കി നൽകുന്നതാണ്.

(ഇ) പല തോട്ടങ്ങളിലും കൂലി കുടിശ്ശിക നൽകാനുണ്ടെന്നത് ഒരു വസ്തുതയാണ്.

(എഫ്) പ്രത്യേകം കരാർ ഉണ്ടാക്കിയിട്ടുള്ളതായി അറിവില്ല.

(ജി) തോട്ടം തൊഴിലാളികൾക്ക് നിയമപ്രകാരം ലഭിക്കേണ്ട കൂലിയും മറ്റാനുകൂല്യങ്ങളും സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച നടന്നു വരികയാണ്. മാറ്റിവയ്ക്കപ്പെട്ട ക്ഷാമബത്ത നൽകുന്ന കാര്യത്തിൽ ധാരണയായിട്ടുണ്ട്. മറ്റു കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടിയിരിക്കുന്നു.

തോട്ടം തൊഴിലാളികൾക്കുള്ള കൂലിയും ക്ഷാമബത്തയും നൽകാൻ നടപടി

78 [3086] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) തോട്ടം തൊഴിലാളികളുടെ കൂലി അവസാനമായി വർദ്ധിപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; ഇത് കാലോചിതമായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സർക്കാർ വിജ്ഞാപനം ചെയ്ത ക്ഷാമബത്ത നടപ്പാക്കാൻ ചില തോട്ടം മാനേജ്മെന്റുകൾ മടി കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) തോട്ടം തൊഴിലാളികളുടെ കൂലി കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും ക്ഷാമബത്ത കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly